(ജി) 920 പേർ.

(എച്ച്) 5050 പേർ.

(ഐ) വിവരം ശേഖരിച്ചുവരുന്നു.

ബീഡിത്തൊഴിലാളികൾ

1042. [1545] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ തൊഴിലുടമകളുടെ കീഴിൽ എത്ര ബീഡി തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട് ;

(ബി) ജില്ല തിരിച്ച് തൊഴിലുടമകളുടെ പേരും, വിലാസവും, ഓരോ തൊഴിലുടമയുടെ കീഴിലും പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണവും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,11,515 തൊഴിലാളികൾ.

(ബി) വിവരം ശേഖരിച്ചു വരുന്നു.

തെങ്ങ്, പന കയറ്റ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും കിട്ടാവുന്ന പരമാവധി സഹായം

1043. [1547] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :

,, കെ. പി. രാമൻ :

,, പി. വി. മുഹമ്മദ് :

,, പി. കെ. കുഞ്ഞാലിക്കുട്ടി :

,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങ്, പന, കയറ്റ തൊഴിലാളികൾക്കായുള്ള ക്ഷേമനിധിയിൽ നിന്നും ഒരാൾക്ക് കിട്ടാവുന്ന പരമാവധി സഹായമെത്ര ;

(ബി) 1985-86-ൽ ക്ഷേമനിധിയിൽ നിന്നുള്ള സഹായത്തിനായി എത്ര അപേക്ഷകൾ കിട്ടി ;

(സി) കിട്ടിയ അപേക്ഷകളിൽ എത്ര എണ്ണം അനുവദിച്ചു ;

(ഡി) മൊത്തം എന്തു തുക സഹായധനമായി നൽകി ?

ഉത്തരം

(എ) 5,000 രൂപ

(ബി) 241 അപേക്ഷകൾ.

(സി) 187 എണ്ണം.

(ഡി) മുൻവർഷങ്ങളിലെ അപേക്ഷകൾ ഉൾപ്പെടെ 14.25 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly